LIBRARY ARCHIVES Kerala Legislative Assembly

എടരിക്കോട് സ്പിന്നിംഗ് മിൽ നവീകരണ പ്രവൃത്തികൾ

178 (2208) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടരിക്കാട് സ്പിന്നിംഗ് മിൽ നവീകരണ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇപ്പോൾ എത്ര സ്പിന്റലുകൾ പ്രവർത്തനക്ഷമമായുണ്ട് ; നവീകരണത്തോടുകൂടി പുതിയ എത്ര സ്പിന്റലുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്പിന്നിംഗ് മിൽ വീവിംഗ് സമ്പ്രദായത്തോടു കൂടിയുള്ള ഒരു യഥാർത്ഥ ടെക്സ്റ്റൈൽ മില്ലായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) എടരിക്കോട് സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ ഏകദേശം പൂർത്തിയാകാറായി. കോയമ്പത്തൂരുള്ള ലക്ഷ്മി മെഷീൻ വർക്ക്സിന്റെ കോമ്പർ മെഷിനറികൂടി സ്ഥാപിക്കാനുണ്ട്.

(ബി) ഇപ്പോൾ 24,960 സ്പിന്റിലുകൾ പ്രവർത്തനക്ഷമമായുണ്ട്. നവീകരണത്തിന്റെ ഭാഗമായി സ്പിന്റിൽ കപ്പാസിറ്റി കൂട്ടാൻ ഉദ്ദേശിക്കുന്നില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങളുടെ വിശദാംശം

179 (2209) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും 2011 ജനുവരി 31 വരെ റിട്ടയർ ചെയ്ത എത്ര പേർക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എത്ര തുക വേണമെന്നും, ഇത് നൽകുവാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?